**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ 30/09/2016**

**(28 Dhul Hijjah 1437 Hijri)**

**Hazrat khalifathullah Munir Ahmad Azim (A)**

# "Spirituality and Love in the Life of a Couple"
# ഭാര്യാ ഭർതൃജീവിതത്തിൽ ആത്മീയതയും സ്നേഹവും

സലാമിനു ശേഷം ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ് തഅവ്വുദ് സൂറ അൽഫാതിഹഓതിയ ശേഷം **ഭാര്യാ ഭർതൃജീവിതത്തിൽ ആത്മീയതയും സ്നേഹവും** എന്ന വിഷയത്തെ ആസ്പദമാക്കി ഖുത്തുബ ആരംഭിച്ചു. ആത്മീയത മുസ്ലികളെ സംബന്ധിച്ചിടത്തോളം വ്യർത്ഥമായ തോന്നലുകളുടെ അനുഭവസമുച്ചയമല്ല. മറിച്ച് ഈ ലോകജീവിതവും പരലോകജീവിതവും വിജയിക്കുന്നതിനുള്ള നിത്യവുമുള്ള പ്രവർത്തനങ്ങളാണ്. രതിസുഖം ഒരു നിസാരകാര്യമല്ല. കാരണം നമ്മുടെ ഇഛകൾ സ്വതന്ത്രമാക്കേണ്ടതാണ്. നമ്മുടെ ഇച്ഛകൾ മററുള്ളവരാൽ നിർബന്ധിച്ചു ചെയ്യേണ്ടതുമല്ല. നമ്മുടെ ഇഛകൾക്കുമപ്പുറം മഹത്തായ കാര്യമാണ് ഒരു കുടുംബം പടുത്തുയർത്തുക എന്നത്. മുസ്ലീമിനെ സംബന്ധിച്ചിടത്തോളം കുടുംബം പരിപാപനമാണ്. വിശുദ്ധ ഖുർആൻ പ്രസ്താവിക്കുന്നു. അതിലെ ഓരോ വചനത്തിലേയും ഓരോ വാക്കിനെപറ്റിയും നാം നിർബന്ധപൂർവ്വം ചിന്തിക്കേണ്ടതാണ്. അവന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ടതാണ് നിങ്ങൾക്ക് നിങ്ങളുടെ വർഗ്ഗത്തിൽ നിന്ന് തന്നെ അവൻ ഇണകളെ സൃഷ്ടിച്ചത്. നിങ്ങളവരോട് കൂടിച്ചേർന്ന് മനസമാധാനം കൈവരുത്തുവാൻ വേണ്ടി. എന്നിട്ട് നിങ്ങളുടെ ഇടയിൽ അവൻ സ്നേഹവും കാരുണ്യവുമുണ്ടാക്കുകയും ചെയ്തു എന്നതും (അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതാണ്) (൩൦ : 22)

മാനവകുലത്തിന്റെ നിലനില്പ് കുടുംബത്തിലൂടെയാണ് കടന്നു പോകുന്നത്. ഇപ്പോൾ, നാം, വൈവാഹിക ജീവിതത്തിന്റെ അധഃപതനത്തിന് സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുകയാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ, വെപ്പാട്ടി ജീവിതം കൂടുതലായികൊണ്ടിരിക്കുകയാണ്. ഇക്കാരണത്താൽ തന്നെ വഴക്കുകളും, തർക്കങ്ങളും സാർവ്വത്രികമായി കൊണ്ടിരിക്കുന്നു. വെപ്പാട്ടി സമ്പ്രാദയത്തിന്റെ പരിണിതഫലമായി, ലോകവ്യാപകമായി 20% കുട്ടികൾ വിവാഹേതര ബന്ധത്തിലൂടെ ജനിക്കുന്നവരാണ്.

പൗരനെ സംബന്ധിക്കുന്ന നിയമാവലിയിലോ മറ്റിതര നിയമഗ്രന്ഥങ്ങളിലോ ഉള്ള ഒരു നിയമവും, സ്നേഹത്തിന്റെ ഉത്തരവാദിത്വത്തെക്കുറിച്ച് ഒന്നും പറയുന്നില്ല. എന്നാൽ ഇസ്ലാമിൽ, വിവാഹം ജീവിക്കുന്നത്, സ്നേഹത്തിലാണ്, അഥവാ അത് അവസാനിക്കുന്നത് കാരുണ്യത്തിലാണ്. ഈ സ്നേഹം, അല്ലാഹു ഉദ്ദേശിക്കുന്നവരുടെ ഹൃദയത്തിൽ, അവൻ നിക്ഷേപിക്കുന്ന ഒരനുഗ്രഹമാണ്. ഞങ്ങളുടെ നാഥാ! ഞങ്ങളുടെ ഇണകളിൽ നിന്നും ഞങ്ങളുടെ സന്തതികളിൽ നിന്നും ഞങ്ങൾക്ക് നീ കൺകുളിർമ (പരമസംതൃപ്തി) പ്രദാനം ചെയ്യേണമെ! ദോഷബാധയെ സൂക്ഷിക്കുന്നവർക്ക് ഞങ്ങളെ നേതാവാക്കേണമെ എന്നു പ്രാർത്ഥിക്കുന്നവരുമാണവർ. അക്കൂട്ടർ സ്ഥിരചിത്തത കൈക്കൊണ്ട കാരണത്താൽ അവർക്ക് സ്വർഗ്ഗീയമായ ഉന്നതസ്ഥാനം പ്രതിഫലമായി നല്കപ്പെടും. അവർ അവിടെ അഭിവാദ്യങ്ങളും സമാധാനാശംസകളുമായി സ്വീകരിക്കപ്പെടുന്നതുമാണ്. (25:75,76) പ്രതിഫല പ്രഖ്യാപനത്തിനു മുൻപ്, പ്രസ്തുത വചനം, നമ്മെ പഠിപ്പിക്കുന്നത്. സ്നേഹം അല്ലാഹുവിൽ നിന്നുള്ള ഒരു വരദാനമാണെന്നാണ്. തന്റെ ദാസൻമാരിൽ പ്രാർത്ഥിക്കുന്നവരുണ്ട്. ഞങ്ങളുടെ നാഥ ! ഞങ്ങളുടെ ഇണകളെയും സന്താനങ്ങളെയും ഞങ്ങളുടെ കണ്ണുകൾക്ക് കുളിർമയുള്ളതാക്കി തരേണമെ. ഈ സ്നേഹം സ്വർഗ്ഗവും മാർഗദർശനവുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) തന്റെ ഭാര്യമാരോട് പെരുമാറിയ രീതിയെ നാം കണക്കിലെടുക്കുമ്പോൾ നമുക്ക് ഉന്നതമായ ഒരു മാതൃക ലഭ്യമാകുന്നതാണ്. തന്റെ പ്രധാനപ്പെട്ട രണ്ട് ഭാര്യമാരോട് പ്രത്യേകമായ സ്നേഹ വായ്പ് അദേഹം പ്രകടമാക്കിയിട്ടുണ്ട്. (1) ഖദീജ (റ) (2) ആയിശാ (റ) അദേഹം തന്റെ പരേതയായ ഭാര്യ ഖദീജ റ യെകുറിച്ചു മിക്കപ്പോഴും അവർ ചെയ്ത നല്ല കാര്യങ്ങൾ പറയുമായിരുന്നു. ആയിശാ (റ) ഖദീജ (റ) യെ ഒരിക്കലും കണ്ടിട്ടില്ലെങ്കിലും നബികരീമിന്റെ ഈ പ്രവർത്തി ആയിശായ്ക്ക്ഖദീജയോട് അസൂയയുണ്ടാക്കിതീർത്തിരുന്നു. പ്രവാചകൻ (സ) മിക്കപ്പോഴും ഖദീജ (റ) യെ കുറിച്ച് ഓർമ്മിക്കുമായിരുന്നു. അതു എപ്പോഴും നല്ല നിലയിലുമായിരുന്നു.ഖദീജയുടെ വഫാത്തിന് ശേഷവും അവരുടെ ബന്ധുക്കളോട് പ്രാവാചകൻ (സ) നല്ലബന്ധങ്ങൾകാത്തുസൂക്ഷിച്ചിരുന്നു.അവരുടെ സ്നേഹിതർക്ക് മാംസ്യം കൊടുത്തു വിടുകയും അവരെ അദ്ദേഹം കണ്ടാൽ ഉടൻ എഴുന്നേറ്റ് ആദരപൂർവ്വം സ്വീകരിക്കുകയും ചെയ്തിരുന്നു. ആയിശ (റ) യ്ക്ക് ഖദീജ (റ) യോട് അസൂയ ഉണ്ടാകുവാനുള്ള കാരണം അതായിരുന്നു.

ഈ പ്രവർത്തിയിലൂടെ പരിശുദ്ധ പ്രവാചകൻ (സ) വൈവാഹിക ജീവിതത്തിലെ വളരെ പ്രധാന പ്പെട്ട ഒരു പാഠം ലോക ജനതയെ പഠിപ്പിക്കുകയായിരുന്നു. നിങ്ങളുടെ ഇണയെ സ്നേഹിക്കുന്നു എന്നതു കൊണ്ട്ർത്ഥമാക്കുന്നത്, നിങ്ങളുടെ ഇണയുടെ മാതാപിതാക്കളെയും ബന്ധുക്കളെയും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നതിലൂടെയാണ്. പരിശുദ്ധ പ്രവാചകൻ (സ) തന്റെ ഭാര്യ ഖദീജ (റ) യെ സ്വപ്ന ത്തിൽ ദർശിച്ചു. ആ വിവരം ആയിശ (റ) യോട് പറയുകയുണ്ടായി. ഒരു മാലാഖ ഖദീജ (റ) യെ ഒരു പുത ഷിൽ കൊണ്ടുവരുന്നതായി കണ്ടു. ആയിശാ (റ) യുമായുള്ള നബീകരീമിന്റെ വിവാഹം ആരംഭിച്ചത് ഒരു ദൈവപ്രചോദിതമായ സ്വപ്നത്തോടെയാണ് അതായത് ആയിശാ (റ)യും പ്രവാചകൻ (സ) യുമായുള്ള വിവാഹത്തോടെ ആയിശ (റ) നബി (സ) യുടെ ഭാര്യ എന്ന പദവിയിലായിരുന്നു.

അതുപോലെ പരിശുദ്ധ പ്രവാചകൻ (സ) ഭാര്യമാരുമൊത്ത് പുറത്തുപോവുക പതിവായിരുന്നു. തന്റെ ജീവിതാന്ത്യത്തിൽ വിശിഷ്യാ തന്റെ ഭാര്യ ആയിശാ (റ) സമീപത്തുണ്ടാകുവാൻ ആഗ്രഹിച്ചു. റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു, പരിശുദ്ധ പ്രവാചകൻ (സ) യെ ഒരു പേർഷ്യൻ അയൽവാസി ക്ഷണിക്കുകയുണ്ടായി. അപ്പോൾ പ്രവാചകൻ (സ) ചോദിച്ചു. എന്റെ ഭാര്യയെ കൂടി കൊണ്ട് വരട്ടെയോ? എന്നാൽ അയൽവാസി അതു നിരസിച്ചു. പരിശുദ്ധ പ്രവാചകൻ (സ) മൂന്നു പ്രാവശ്യം അയൽവാസിയുടെ ക്ഷണം സ്വീകരിക്കുക യുണ്ടായില്ല. ഒടുവിൽ അദ്ദേഹത്തിന്റെ ഭാര്യയേയും ക്ഷണിക്കുകയുണ്ടായി. അങ്ങനെയാണ് ക്ഷണം സ്വീകരി ച്ചത്.

ആയിശാ (റ) പരിശുദ്ധ പ്രവാചകൻ (സ) യുമായി പിണങ്ങുമ്പോൾ അവർ പറയുമായിരുന്നു. ഇല്ലാ, ഇബ്റാഹീമിന്റ ദൈവത്തെ കൊണ്ട് സത്യം പരിശുദ്ധ പ്രവാചകനുമായുള്ള യോജിപ്പില്ലായ്മ അവർ പ്രകടിപ്പിച്ചത് ഇപ്രകാരമായിരുന്നു. അവർ തമ്മിൽ കാര്യങ്ങളൊക്കെ നേരെയാകുമ്പോൾ, മുഹമ്മദിന്റെ ദൈ വത്തെക്കൊണ്ട് സത്യം എന്ന് പറയുമായിരുന്നു, ആയിശാ (റ) പറഞ്ഞു. എതിർപ്പ് പ്രകടിപ്പിക്കുവാൻ പ്രവാച കൻ (സ) യുടെ പേര് മാറ്റുക മാത്രമെ ചെയ്തിട്ടുള്ളൂ.

ഏറ്റെടുത്തിട്ടുള്ള ഒരു ചുമതലയും കോപം മൂലം ചെയ്യാതിരുന്നിട്ടില്ല. എല്ലാവർക്കും കോപമുണ്ടാകാം. പരിശുദ്ധ പ്രവാചകൻ (സ) യുടെ കുടുംബത്തിലും അത് നിലനിന്നിരുന്നു. അത്തരം വൈകാരികവസ്ഥ ആടി ഉലയുക മനുഷ്യജീവിതത്തിൽ സാധാരണമാണ്. എന്നാൽ അത്തരം അഭിപ്രായ വ്യത്യാസങ്ങൾ അതികരിച്ചു പോകരുത്, അങ്ങനെയായാൽ അവിടെ സാത്താന് കടന്നുകൂടുവാൻ കഴിയില്ല. അത് ആളിക്കത്തിക്കുവാനും കഴിയില്ല.

ഖദീജ (റ) യും ആയിശാ (റ) യും പ്രവാചകൻ (സ) യോട് എങ്ങനെയാണ് പെരുമാറിയത് ? ഖദീജ (റ) തന്റെ ഭർത്താവിനെ ഹൃദയംഗമായി സ്വാഗതം ചെയ്യുകയും പിന്താങ്ങുകയും ചെയ്തിരുന്നു. ധാർമ്മി കമായും സാമ്പത്തികമായും ! ആയിശ (റ) പരിശുദ്ധപ്രവാചകൻ (സ) യുടെ രീതികൾ മനസ്സിലാക്കിയിരുന്നു. അവയെ ആദരിച്ചിരുന്നു. അതെ പ്രവാചകൻ (സ) യ്ക്ക് രോഗം പിടിപെട്ടപ്പോൾ, അദ്ദേഹത്തിന്റെ രീതികളനു സരിച്ച്. അവർ പ്രവാചകൻ (സ) യെ ശുശ്രൂഷിച്ചു. ഒരു ദിവസം അബൂബക്കർ (റ) ന്റെ മകൻ പ്രവാചകൻ (സ) യുടെ അരികിൽ അവന്റെ സിവാക്കുമായി വന്നു. സിവാക്കിലേക്ക് നോക്കി. അപ്പോൾ പെട്ടെന്ന് തന്നെ ആയിശാ (റ) കാര്യം മനസ്സിലാക്കുകയും, പ്രവാചകൻ (സ) യ്ക്ക് പല്ലുതേക്കുവാനുള്ള സൗകര്യമൊരുക്കു കയും ചെയ്തു.

സ്നേഹവും ആത്മീയതയും കൈകോർത്തു നീങ്ങുന്നു. ഭാര്യാഭർത്തക്കന്മാർ പരസ്പരം നന്മ ചെയ്യു വാൻ പ്രേരിപ്പിക്കേണ്ടതാണ്. അല്ലാഹുമായി അടുക്കുവാൻ ഭർത്താവ് കാംക്ഷിക്കുമ്പോൾ, തന്റെ ഭാര്യയും അപ്ര കാരം ആയിരിക്കുവാൻ ആഗ്രഹിക്കുന്നു. തിരിച്ചും അപ്രകാരമായിരിക്കണം. പരലോക ജീവിതത്തിലെ വാസ ത്തിനായി അവർ തയ്യാറെടുക്കേണ്ടതാണ്. വിവാഹം വിജയപ്രദമാകണമെങ്കിൽ, സ്നേഹം അത്യാവശ്യമാണ്, കാലം കടന്നുപോകമ്പോൾ, അവിടെ പിന്നെ സ്നേഹമല്ല, അതിലുപരി അനുകമ്പ (റഹ്മത്ത്) യാണ് കുടികൊ ള്ളുന്നത്.

**പരസ്പരം എന്തുകൊണ്ട് കരുണയോടെ വർത്തിക്കുന്നു**

**1. മാതാപിതാക്കൾ സന്താനങ്ങളാൽ ചുറ്റപ്പെട്ടു കിടക്കുന്നു.** മാതാവ് ഏറ്റവും കൂടു തലായി ! **മാതാക്കൾ അവരുടെ ശിശുക്കൾക്ക് പൂർണ്ണമായും രണ്ടു വർഷം മുല കൊടു ക്കേണ്ടതാണ്. (നിശ്ചിതകാലം വരെ) മുലയൂട്ടൽ പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്ന വർക്കത്രെ (ഈ വിധി) കുട്ടി ജനിച്ചത് ആർക്കാണോ അവൻ (ആ മാതാക്കൾക്ക്) മര്യാദ പ്രകാരം ആഹാരവും വസ്ത്രവും നല്കുവാൻ ബാധ്യസ്ഥനാണ്. ഒരാളും അയാൾക്ക് കഴി വുള്ളതിനല്ലാതെ നിർബന്ധിക്കപ്പെടുന്നില്ല. മാതാവിനെ അവളുടെ കുട്ടിമൂലം വിഷമിപ്പിക്ക രുത്, അത് ജനിച്ചത് ആർക്കാണോ അവനെയും ആ കുട്ടിമൂലം വിഷമിപ്പിക്കരുത് (2:234)**

**2. സാമ്പത്തിക കാരണങ്ങളാൽ : ഭാര്യയുടെ ആവശ്യങ്ങളെ അനുഭാവപൂർവ്വം നോക്കി കാണുക. ഇനിവേർപിരിയുകയാണെങ്കിലും (കുട്ടികളുടെ മാതാവ്) എന്ന നില യിൽ അനുകമ്പയോടെവർത്തിക്കുക. കാരണം മിക്കവാറും ഭാര്യ സാമ്പത്തികകാര്യത്തിൽ ഭർത്താവിനെ അവലംബിക്കുന്നതാണ്.**

**൩. ആദ്യകാല ജീവിതത്തിൽ പങ്കുവെച്ച് ഓർമ്മകളും അവർ പിന്നിട്ട വഴികളും**

: നമുക്കെല്ലാവർക്കും ഒന്നോ അതിൽ കൂടുതലോ ന്യൂനതകൾ പരസ്പരം പങ്കുവെയ്ക്കാനുണ്ടാകും. സമയം പിന്നിടുമ്പോൾ ഭാര്യയ്ക്ക് ഭർത്താവിനോടും ഭർത്താവിന് ഭാര്യയോടുമുള്ള ആകർഷണം അപ്രത്യക്ഷമാകും, പിന്നെ അവശേഷിക്കുന്നത് കരുണയും അനുകമ്പയും മാത്രമായിരിക്കും.

൪. **ദൗർബല്യങ്ങൾ അവഗണിക്കുക**: നിങ്ങൾ അവരോട് നല്ല നിലയിൽ വർത്തിക്കുവിൻ ഇനി നിങ്ങൾ അവരെ വെറുക്കുന്നുവെങ്കിൽ (നിങ്ങൾ മനസ്സിലാക്കിയിരിക്കേണ്ടതാണ്) നിങ്ങൾ ഒരു വസ്തുവിനെ വെറുക്കുകയും അല്ലാഹു അതിൽ ധാരാളം നന്മ വെച്ചിരിക്കുകയും ചെയ്തുവെന്നു വരാം (4;20)

പരിശുദ്ധ പ്രവാചകൻ (സ) പറഞ്ഞു ഒരു വിശ്വാസി വിശ്വാസിനിയെ (ഭാര്യയെ) വെറുക്കുവാൻ പാടില്ല. അവളിലെ ഒരു കാര്യം വെറുപ്പുളവാക്കുന്നുവെങ്കിൽ മറ്റൊരുകാര്യം സന്തോഷം നല്കുന്നതുണ്ടാകും.

**കുട്ടികളെ സംബന്ധിച്ച്** : നമ്മുടെ നേതാവായ അലി (റ) തന്റെ അനുയായികളെ ഉപദേശിക്കുകയുണ്ടായി. നിങ്ങളുടെ കുട്ടികൾ നിങ്ങൾ ചെയ്യുന്നതു പോലെ ചെയ്യുവാൻ അവരെ നിർബന്ധിക്കരുത്. കാരണം അവർ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് നിങ്ങളിൽ നിന്നും തികച്ചും വിഭിന്നമായ ഒരു കാലഘട്ടത്തിലാണ്. നിശ്ചമായും നാം കുട്ടികൾക്ക് ഉന്നതിയിലെത്തിച്ചേരുവാൻ അവസരം നല്കേണ്ടതാണ്, നാം അതിന് പിന്താങ്ങുകയും ചെയ്യേണ്ടതാണ്. മാതാപിതാക്കൾ കുട്ടികൾക്ക് നല്കേണ്ട പ്രഥമവും അടിസ്ഥാനപരവുമായ അവകാശങ്ങളിലൊന്നാണ്. അങ്ങനെയായാൽ അവർ ദൈവത്തെ അറിയും, സ്നേഹിക്കും, അവന്റെ പ്രവാചകനെയും ! ഇൻശാ അല്ലാഹ് !

**ഇസ്ലാമിക പുതുവർഷം മുഹർറം 1438 ഹിജ്രി:**

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഏതാനും ദിവസങ്ങൾക്കകം നാം ഇസ്ലാമിക പുതുവർഷത്തിലേക്ക് പ്രവേശിക്കുന്നതാണ്. അതായത് മുഹർറമാസം 1438 ഹിജ്റ ! ഈ പുതുവർഷത്തിൽ എന്റെ ഓരോ അനുയായികൾക്കും ആത്മീയ നവോത്ഥാനം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. അതോടൊപ്പം മറ്റുള്ളവർക്കും ! ഈ പുതുവർഷത്തിൽ നമ്മെ എല്ലാവരേയും അല്ലാഹു (ത) അനുഗ്രഹിക്കട്ടെ ! ഈ ദൗത്യം ശക്തമായ നിലയിൽ മുന്നോട്ടു കൊണ്ടു പോകുവാൻ സഹായിക്കട്ടെ ! ഇസ്ലാമിക സമൂഹത്തിന്റെ പുനരേകീകരണത്തിനായുള്ള പ്രാർത്ഥനകൾ അവൻ സ്വീകരിക്കട്ടെ ! ലോകമെങ്ങും അവന്റെ ഏകത്വത്തിന്റെ ശംഖൊലി മുഴങ്ങട്ടെ! ഇൻശാ അല്ലാഹ് ! ആമീൻ ഞാൻ നിങ്ങൾക്കെല്ലാപേർക്കും ഒരു പുതു ഇസ്ലാമിക വർഷം ആശംസിക്കുന്നു. (നയാ സാൽ മുബാറക്ക് !)

**Translated by:**
**R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**